മേമുണ്ട ഹയർസെക്കണ്ടറി സ്കൂൾ

# e-കാഴ്ച്ച

Digital Magazine





LITTLEKITES
(2022-2025)

# ചരിത്രം



അരനൂറ്റാണ്ട് മുമ്പ് ഹൈസ്കൂൾ വിദ്യാഭ്യാസം നാട്ടിൻപുറങ്ങളിലെ സാധാരണ കുട്ടികൾക്ക് അപ്രാപ്യമായിരുന്നു. സമൂഹത്തിലെ ദുർബലജനവിഭാഗങ്ങൾക്കും ഒരു പരിധിവരെ പെൺകുട്ടികൾക്കും ഹൈസ്കൂൾ വിദ്യാഭ്യാസം അന്ന് അസാധ്യമായിരുന്നു.വിദ്യാഭ്യാസരംഗത്തെ ദുരിതകരമായ ഈ അവസ്ഥയെ മാറ്റിത്തീർത്തത് 1957 ലെ കേരള മന്ത്രിസഭയുടെ പ്രഖ്യാപനമായിരുന്നു. പഞ്ചായത്തുകൾതോറും ഹൈസ്കൂളുകൾ അനുവദിച്ചുകൊണ്ടുള്ള അന്നത്തെ ഗവൺമെന്റിന്റെ തീരുമാനം കേരള ചരിത്രത്തിലെ നാഴികക്കല്ലായി മാറി. ജനകീയ കമ്മിറ്റികളുടെ നിയന്ത്രണത്തിനു കീഴിലായിരിക്കണം പുതുതായി രൂപം കൊള്ളുന്ന സ്കൂളുകൾ എന്ന ഗവൺമെന്റിന്റെ നയപരമായ തീരുമാനത്തിന്റെ ചുവടുപിടിച്ചാണ് മേമുണ്ടയിൽ സ്വകാര്യമാനേജ്മെന്റിന് കീഴിൽ പ്രവർത്തിച്ചിരുന്ന ചിറവട്ടം ഹയർ എലിമെന്റെറി സ്കൂൾ ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ മേമുണ്ട ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. 1957 ഒക്ടോബർ 19 ന് പുറത്തിറങ്ങിയ സർക്കാർ ഉത്തരവുപ്രകാരം 1958 ജൂലൈ 10 ന് മേമുണ്ട ഹൈസ്കൂളിന് തുടക്കമായി. ഈ സ്ഥാപനത്തിന്റെ പഴയ നാമധേയം ചിറവട്ടം സ്കൂൾ എന്നായിരുന്നു.ചിറവട്ടം എൽ.പി പിന്നീട് ചിറവ്ട്ടം ഹയർ എലിമെന്ററി ആയിത്തീർന്നു; 1 മുതൽ 8 വരെ ക്ലാസുകളുള്ള ഇ.എസ്.എൽ.സി പരീക്ഷയോടെ പഠനം പൂർത്തിയാക്കുന്ന സ്കൂൾ. ഈ യു.പി സ്കൂളിന്റെ ആദ്യ മാനേജർ കെ. കുഞ്ഞിക്കണാരക്കുറുപ്പ് ആയിരുന്നു.




LITTLEKITES
(2022-2025)




പ്രിയമുള്ളവരെ,

കുട്ടികൾക്ക് അവരുടെ ബഹുമുഖമായ കഴിവുകൾ പ്രകടിപ്പിക്കുന്ന വൈവിധ്യ പൂർണമായ നിരവധി ഗുണമുള്ള പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയം വർഷങ്ങളായി നടത്തിവരുന്നു. ഹൈസ്കൂൾ വിഭാഗം "ലിറ്റിൽ കൈറ്റ്സ്"ലെ വിദ്യാർത്ഥികൾ തയാറാക്കുന്ന മാഗസിൻ മികവുറ്റതാണെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇതിൻ്റെ നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന മുഴുവൻ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു .എൻ്റെ എല്ലാവിധ ആശംസകളും നേരുന്നു.

ബീന.ബി

പ്രിൻസിപ്പാൾ



പ്രിയ വിദ്യാർത്ഥികളെ ,

നമ്മുടെ വിദ്യാലയം പഠനപ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഒരു പോലെ മുന്നേറിക്കൊണ്ടിരിക്കുകയാണ് ഈ വേളയിൽ നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർഗാത്മക രചനകൾ ഉൾപ്പെടുത്തി നിർമ്മിച്ച മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .

ഹെഡ്മാസ്റ്റർ
ജിതേഷ്.പി.കെ
മേമുണ്ട . എച്ച് . എസ് . എസ്

LITTLEKITES
(2022-2025)



**ജിതിൻ.വി**



**രമ്യ.കെ**



**ശരത്ത്.പി.കെ**



**രമ്യ.പി.കെ**

സുഹൃത്തുക്കളെ,
ഞങ്ങളുടെ കുട്ടികൾ" നിങ്ങളെ
സാങ്കേതിക വിദ്യയുടെ വിസ്മയ
ലോകത്തേക്ക്
കൊണ്ടുപോകുകയാണ്. പുതു
തലമുറയ്ക്ക് അറിവുപകർന്നു
നൽകുന്ന ലിറ്റിൽ  കൈറ്റ്
എന്ന ഈ കൂട്ടായ്മ
കുട്ടികൾക്ക് ലഭ്യമാക്കുന്നത്
സാങ്കേതിക വിദ്യകളെ
സർഗാത്മകമായി എങ്ങനെ
ചിത്രീകരിക്കാം എന്നതാണ്.
പ്രായോഗിക തലത്തിൽ
ഞങ്ങളുടെ നൂതനമായ
ആശയങ്ങളെയും
അറിവുകളെയും കാലത്തിനു
അനുസൃതമായ് പകർന്ന്
കൊടുക്കാനുള്ള ഈ
സംരംഭത്തിൽ നമുക്ക്
കൈകോർക്കാം
പ്രോൽസാഹിപ്പിക്കാം...

LITTLEKITES
(2022-2025)

# എഡിറ്റോറിയൽ ബോർഡ്

ചിന്മയ്കൃഷ്ണ
തൃഷ്ണ ബിനു
റിഷിക.എസ്
ഹരിനന്ദ്.ആർ.എസ്
തേജസ്.വി.കെ
പാർവണ.പി
ശ്രേയ.സി.കെ
ദേവാനന്ദ് എസ്.ശിവ
ദേവതീർത്ഥ.എസ്
ശ്രീവേദ് ഗൗതം മുബി

# ഉള്ളടക്കം


കവിതകൾ

- പച്ചതത്തമ്മ
- കാറ്റ്
- ജലം
- മഴത്തുള്ളി
- രാത്രി
- ലഹരി
- കാത്തിരിപ്പ്
- സൗഹൃദം
- യുദ്ധം
- ചരിത്രം

കഥകൾ

- മാനവർക്കായി
- അതിരുകൾ

ചിത്രങ്ങൾ

സ്കൂൾ നേട്ടങ്ങൾ


LITTLEKITES
(2022-2025)

# കവിതകൾ

## പച്ച തത്തമ്മ

അങ്ങേ അറ്റത്തെ മരക്കൊമ്പിലതാ-
ഒരു കൊച്ചു തത്തമ്മ ഇരിക്കുന്നു
ചുണ്ട് റോസാപ്പൂവ് പോലെ-
ചുവന്നിരിക്കുന്നു
ഇലകൾപോലെ മേൽ-
മുഴുവൻ പച്ചയായിരിക്കുന്നു
അതിൻ്റെ പാട്ട് കേൾ-
ക്കുമ്പോൾ എന്താ രസം
എല്ലാം കൊണ്ടും എന്തൊരു-
ഭംഗിയാണതിനെ

മുഹമ്മദ് യാസിൻ
5C



LITTLEKITES
(2022-2025)

# കാറ്റ്

പൊള്ളുന്ന ചൂടിൽ
തഴുകി വരുന്നു നീ
എന്നുള്ളിൽ വേനലിൻ്റെ ഭയം
നീ വന്നുചേരുമ്പോൾ
മായുന്നു എല്ലാം
തഴുകി വരുന്നു നീ....
തുടിക്കുന്നു എന്നുള്ളം
നിനക്കായ്
ഇനിയും വരുമോ
നീ......

ശ്രീയ
7 G

LITTLEKITES
(2022-2025)

## ജലം

രണ്ടക്ഷരം ചേർന്നൊരു പദം
ജീവൻ്റെ വിലയുള്ള പദം
തെളിനീരുപോലെ ഒഴുകും
കണ്ണീരുപോലെ നിറയും
പല നിറം പല രുചി എന്നിങ്ങനെ
കത്തിജ്വലിക്കുന്ന സൂര്യനെ വെല്ലും
ആളിപ്പടരുന്ന തീയെ കൊല്ലും
സസ്യജന്തുക്കളുടെ ജീവൻ്റെ ഘടകം
ജീവനുതുല്ല്യം ജലമെന്ന വാക്ക്
അമിതമായാൽ ജീവനെടുക്കും
ഉപ്പുരസത്താൽ നിറയുന്നു കണ്ണിൽ
സങ്കടക്കടലായ് ഒഴുകുന്നു കണ്ണീർ
ഗഗന കണ്ണീരെന്നുതോന്നും
മഴയായ് പെയ്യും
ജീവൻ്റെ വിലയുള്ള പദം
രണ്ടക്ഷരം ചേർന്നൊരു പദം

നിയദേവ എസ്
8Q

## മഴത്തുള്ളി

കാർമേഘങ്ങൾക്കിടയിലൂടെ നീ ഭൂമിയുടെ
മടിത്തട്ടിൽ മുത്തുപോൽ പതിഞ്ഞിടും മഴത്തുള്ളിയേ
നിൻ മുത്തുപോൽ മൃദുലമാം മഴത്തുള്ളികൾ
തൻ ശബ്ദം കാതിൽ ഇമ്പമാർന്നിടുന്നു
മഴത്തുള്ളിയേ നിൻ സ്വീകരണം ഒരുക്കിക്കൊണ്ടു
ഇടിമിന്നലോട് കൂടി തന്നെ വരവേൽക്കുവാൻ
തിടുക്കമേറിടുന്നു ഞങ്ങൾ തൻ ഭൂമിയിൽ

വൈഗ പി
7G

# രാത്രി

എൻ്റെ മനസ്സിൻ്റെ തൂലികതുമ്പിലെ
സുന്ദരി അവളായിരുന്നു.
കറുപ്പാണെങ്കിലും
നിലവാർന്ന ശോഭ അവളിലുണ്ടായിരുന്നു.
തുറന്നു കാട്ടാത്ത ഒരു തിളക്കം
എപ്പോഴും
അവളുടെ കവിളിലുണ്ടായിരിന്നു.
കൂട്ടത്തിൽ,
നനഞ്ഞ കണ്ണുകൾക്കരികിലായി
ഒരു ചന്ദ്രക്കലയൻ പൊട്ടും
മറച്ചുവെക്കാനാകാത്ത ആ സൗന്ദര്യത്തെ
ഞാനെൻ്റെ രണ്ടുതുള്ളിമഷിക്കുള്ളിൽ ഒളിപ്പിച്ചു,
രാത്രി.
അവളായിരുന്നു എൻ്റെ ലിഖിതങ്ങളിലെ
സഖി.

അനുനന്ദ.പി.എം
9C

LITTLEKITES
(2022-2025)

# ലഹരി

ലഹരി വന്ന നേരമോ

ഓടിച്ചെന്നു വീണു നാം

ലഹരിയെന്ന മരണവേദനയ്ക്കു മുൻപിലോ

കാലുകൈകൾ നീട്ടി നാം

യാചനയിൽ സൗമ്യമായ്

ഭവ്യചിരിയിൽ വരികയാണ്

കഴുത്തറക്കുവാൻ

പുതിയ തലമുറയ്ക്കുവന്ന
വംശനാശമോ

ലഹരിയെന്ന ഭീതിയിൽ

പുതിയ തലമുറ (2)

(ലഹരിയെന്ന നേരമോ.....)

രക്തബന്ധ സൗഹൃദങ്ങൾ

തിരിച്ചറിയുവാൻ

മാറ്റിനിർത്തും നമ്മളെന്നും

ലഹരിവസ്തുക്കൾ

ഇല്ലയെങ്കിൽ ഇല്ലയിനി

LITTLEKITES
(2022-2025)

നമുക്ക് ജീവിതം

എന്നും എന്നും വേദനകൾ
മാത്രമാവും

(ലഹരിവന്ന നേരമോ......)

വേദനകൾ കുന്നുചേർന്ന

ജീവിതമിനി എന്തിന്

വേണ്ട വേണ്ട ലഹരികൾ

വേണ്ട നമുക്ക് ലഹരികൾ

ലഹരിയെന്ന ശത്രുവിനെ

തുടച്ചുനീക്കുമിനി നാം (2)

(ലഹരിവന്ന നേരമോ.....)

ഹൃദിസ്ഥ.എം

9th-b



# കാത്തിരിപ്പ്

ഓർക്കാതിരുന്ന നാൾമറന്നു
എപ്പോഴും ഓർക്കും ഞാൻ നിന്നെ
തേടി അലഞ്ഞ ഓരോ നിമിഷവും
അകലുന്ന ഓരോ വഴിയിലും
കാത്തിരിപ്പിൻ ഓരോ നിമിഷങ്ങളിലും
ഞാൻ ഒരു ഹേമന്തമായി മാറുന്നു
നിന്നെ തേടി ഞാൻ എൻ വഴികൾ മറന്നു
എൻ മിഴികൾ അടഞ്ഞു
എൻ കണ്ണീർ പൊഴിഞ്ഞു
കിനാക്കൾ കണ്ട നാൾ മറന്നു
നിന്നെ തേടിയലഞ്ഞ നാൾ മറന്നു
നിന്നെ തേടിയലഞ്ഞ നാളുകൾ
എൻ ജീവനെ വർണ്ണാഭമാക്കി
ഈ ജന്മം മുഴുവൻ തേടും നിന്നെ ഞാൻ
ഒരു നോക്കു കാണാൻ
ഒരു വാക്കു മിണ്ടാൻ
ഒഴുകുന്നു നീ എൻ സിരകളിലൂടെ
മറക്കാൻ ആയിരം കാരണങ്ങളുണ്ടെങ്കിലും
ഓർക്കാൻ ഒരു കാരണം മതി
നിൻ പുഞ്ചിരി കാണാൻ കൊതിക്കുന്നു
എൻ മിഴികൾ ....
മനസ്സിലെ കാത്തിരിപ്പിൻ വേദനകൾ
തണുത്തുറഞ്ഞ് മഞ്ഞുകട്ടകളെപ്പോലെയായി മാറി
നിന്നോടുള്ള എൻ കളങ്കമില്ലാത്ത സ്നേഹം
അരുവിയിൽ നിന്നൊഴുകുന്ന തെളിനീരായ്
എന്തിനു നീ എന്നിൽ നിന്നകന്നു

LITTLEKITES
(2022-2025)

നിയദേവ എസ്

# സൗഹൃദം

ഒരു ചെടിയിലെ ഇലകൾ
കുറച്ചുദിനങ്ങൾ കഴിഞ്ഞാൽ കൊഴിഞ്ഞു
പോവുന്നതുപോലെ കൊഴിയുന്നതല്ല
ഒരു യഥാർത്ഥ സൗഹൃദം
ഒരു മഹാ സമുദ്രം പോലെ
വളരെ വിശാലമായ ഒന്നാണത്
ഏത്ര താപമേറ്റാലും
വറ്റിപ്പോകാതെ നിൽക്കും
കടലിലെ തിരപോലെ ഒഴുകിക്കളിക്കും
ശലഭങ്ങൾ പോലെ വിണ്ണിൽ പാറിപറക്കും
തീരാ നക്ഷത്രം പോൽ മിന്നിക്കളിക്കും
മിന്നാമിന്നികൾ ഒത്ത്രു പറക്കുംപോൽ
എന്നും കൂടെയുണ്ടാക്കും എന്നുള്ള
ഒരു വികാരമാണ് എൻ സൗഹൃദം

ആൽവിൻ.എൻ.എസ്
7th-G

# യുദ്ധം

മെലിഞ്ഞ മനുഷ്യനും തടിച്ച മനുഷ്യനും
ചുട്ടുപൊള്ളിച്ച ആ ഉദയസൂര്യൻ്റെ നാട്ടിൽ
കത്തിക്കരിഞ്ഞ പച്ച മനുഷ്യൻ്റെ
മണം എങ്ങും പടർന്നു നിന്നു.
ഒരു തുള്ളികുടിനീരിനായി എങ്ങും
അലഞ്ഞു നടന്നു ആ പ്രാണനുകൾ
എന്നിട്ടും പോരാടി കരകേറി
ആ ഉദയ സൂര്യൻ്റെ നാട്
ഒരു ഫിനിക്സ് പക്ഷിയെപ്പോലെ
ഇന്നും ഞാൻ ഓർക്കുന്നു സുഡോക്കോയെ,
ഒരു സമാധാനത്തിൻ്റെ പക്ഷിയിലൂടെ
ഇനിയും ഒരു യുദ്ധം വേണ്ട
യുദ്ധങ്ങൾ തല കുനിക്കട്ടെ
സമാധാനം എങ്ങും തല ഉയർത്തട്ടെ

അൽവിൻ.എൻ.എസ്
7th-G

# ചരിത്രത്തെ ഉറക്കിക്കിടത്തല്ലേ

ചരിത്രം
അവൻ്റെതു മാത്രമല്ല,
അവളുടേതു കൂടിയാണ്.
മണ്ണും നീരും കാറ്റും
കൂടെ
സ്വപ്നം കാണാനൊരു ആകാശവും,
കത്തിജ്ജ്വലിക്കുവന്നൊരു
സൂര്യനുമിണ്ടെങ്കിലേ-
ജീവൻ്റെ ഇതളുകൾ വിടരുകയും സൗരഭ്യം-
പൊഴിക്കുകയുമുള്ളു.......
ചരിത്രം
പലർക്കുമത്
പേടി സ്വപ്നമാണ്.
ഭൂമിയുടെ ഗർഭത്തിലേക്ക്
താഴ് വേരുകളാലും താങ്ങുവേരുകളാലും
പടർന്നുപിടിച്ചങ്ങനെ.......
അത്
നീല ഗോളത്തെ പടച്ചയാക്കി മാറ്റുന്ന
മായാജാലം.
മണ്ണിനെ ആലിംഗനം ചെയ്ത്

# തെളിനീരിലേക്ക് തല ചായ്ച്ചങ്ങനെ........

ചരിത്രം
അതാണ് സത്യം
പൊള്ളുന്ന യാഥാർത്ഥ്യം
ചോര കൊണ്ടും വിയർപ്പ കൊണ്ടും
കണ്ണീരാലും
കെട്ടിപ്പടുത്ത ഒരു
സുന്ദര സുരഭില സത്യം.
ഭ്രൂമദ്ധ്യരേഖയുടെ നെറുകയിലേക്ക് പതിച്ച്
തീക്ഷ്ണമായ നോവിന്സും
തണുത്തുറഞ്ഞ
ശൈത്യകാലത്തോടും
പടപൊരുതി നേടിയ
പൊള്ളുന്ന സത്യം..
അതിനെ മറക്കാൻ വിടല്ലേ
നാം നിൽക്കുന്ന മണ്ണിനെ
മറക്കല്ലേ

ജിഷ ഒ കെ
അദ്ധ്യാപിക
മേമുണ്ട HSS

LITTLEKITES
(2022-2025)

bü%¯

# മാനവർക്കായി

സ്ട്രീറ്റ് ലൈറ്റിന്റെ വെളിച്ചത്തിൽ അയാൾ മുന്നോട്ട് നടന്നുകൊണ്ടിരുന്നു. വിജിനമായ റോഡ്. എങ്ങും മുല്ലപ്പൂ ഗന്ധം പരത്തി കൊണ്ടുള്ള മോഹിനിമാരുടെ കലപില ശബ്ദം. ആരെല്ലാമോ പോവുകയും വരികയും ചെയ്യുന്നുണ്ട്. എവിടെനിന്നോ കുഞ്ഞിനെ ഉറക്കുന്ന അമ്മ. താരാട്ട് കേൾക്കാം, രാരീ......... രാരീരോ....... എന്ന് താരാട്ടിൻ വരികൾക്കായി കാറ്റുകൾ സംഗീതം ഒരുക്കുന്നുണ്ടോ? അയാൾ വീണ്ടും മുന്നോട്ട് നടന്നു കൊണ്ടിരുന്നു. അപ്പോഴും പിറകെ കാവലായി അയാളുടെ ഭീമൻ നിഴലും എങ്ങോട്ടെന്നില്ലാതെ അയാളെ പിന്തുടർന്നുകൊണ്ടിരുന്നു. പെട്ടെന്ന് ഒരു ശബ്ദം. അയാൾ തിരിഞ്ഞുനോക്കി. തന്റെ തോന്നലാവാം എന്ന ചിന്ത അയാളെ വീണ്ടും മുന്നോട്ട് നയിച്ചു. അതാ വീണ്ടും ഒരു ശബ്ദം! ഇപ്രാവശ്യം തിരിഞ്ഞുനോക്കാൻ അയാൾ ഒരല്പം നേരം എടുത്തു. ഏതോ മനക്കോണിൽ അയാളെ ഭയംകാർന്നു തിന്നാൻ ആരംഭിച്ചതിന്റെ തെളിവായി അയാളുടെ നെറ്റിത്തടത്തിൽ നിന്ന് വിയർപ്പ് കണങ്ങൾ പൊടിഞ്ഞു തുടങ്ങി. പെട്ടെന്ന് തന്റെ മുന്നിൽ ആരോ നിൽക്കുന്നതായി തോന്നി അയാൾക്ക്. തന്റെ ഓലക്കുടയിൽ പിടി മുറുക്കി അല്പം ധൈര്യം സംഭരിച്ച് അയാൾ തന്റെ ദൃഷ്ടി മുന്നിലേക്ക് പതിപ്പിച്ചു. അതാ തന്റെ മുന്നിൽ ഒരു ഭീമാകാരമായ രൂപം! ഒരു നിമിഷം അയാൾ ഭയന്നുപോയി. ആ രൂപം അയാളുടെ അടുക്കലേക്ക് വന്നുകൊണ്ടിരുന്നു. "ആ.. രാ..എ... ന്ത്...... വേ.. ണം...."? അയാളെ വരിഞ്ഞുമുറുക്കിയതിനാലാവാം അയാളുടെ വാക്കുകൾ നന്നേ മുറിഞ്ഞു പോയിരുന്നു. "ഹ ... ഹ.... ഹാ.. തന്റെ കാലനോടാണോ താൻ എന്തുവേണമെന്ന് ചോദിക്കുന്നത്? തന്റെ ജീവനെടുക്കാൻ വന്ന കാലനാടോ ഞാൻ "ഒരു നിമിഷം! താൻ കേട്ടത് സത്യമാവല്ലേ എന്ന് അയാൾ ചിന്തിച്ചു പോയി. ഓടിയാലോ? ഓടിയാൽ തന്നെ എത്ര ദൂരം ഓടും എന്ന ബുദ്ധിയുടെ ചോദ്യം വകവയ്ക്കാതെ അയാൾ പിന്തിരിഞ്ഞു ഓടി. ഓടിയോടി തളർന്നപ്പോൾ നിന്ന് ഒന്ന് പിന്നിലേക്ക് തിരിഞ്ഞുനോക്കി

അയാൾ. ഇല്ല ആരും ഇല്ല! അതയാൾ ഒരു ആശ്വാസത്തിന്റെ പുഞ്ചിരി വിരിയിച്ചു.  എന്നാൽ പൊട്ടുന്നനെ തന്റെ മുന്നിലായി നിൽക്കുന്ന കാലനെ കണ്ടയാൾ ഒരടി പിറകോട്ട് വെച്ചു പോയി. "ഹ.. ഹ.. ഏ മാനവ നിനക്ക് ഇനി രക്ഷയില്ല ഹഹഹ.." കാലന്റെ ചിരി അന്തരീക്ഷം ആകെ ഇളക്കിമറിച്ചു. അയാൾ കാലിനു മുന്നിലായി വീണു കേണു. ഒരിറ്റു ദയക്കായി ഒരിറ്റ് മനുഷ്യത്വത്തിനായി ഒരിറ്റ് സ്നേഹത്തിനായി തന്റെ ഇനിയും ജീവിക്കാനുള്ള ആശയക്കായി. അയാൾ കരഞ്ഞു കാലന്റെ കാൽക്കലായി വീണു. മറുപടിയായി കാലന്റെ തീ ചൂടി പോലുള്ള ശബ്ദം അവിടെമാകെ മുഴങ്ങി. "ഹും തന്റെ ചുറ്റുമുള്ളവരോട് ദയകാനിക്കാത്ത തന്നോട് ഞാൻ എന്തിനു ദയ കാണിക്കണം? നിന്നെ പോറ്റിവളർത്തി ഈ നിലയിൽ ആക്കിയ മാതാപിതാക്കളോട് നീ കാണിക്കാത്ത സ്നേഹമാണോ ഞാൻ നിന്നോട് കാണിക്കേണ്ടത്? ഒരു നേരത്തെ അന്നത്തിനായി  നിന്റെ അടുക്കൽ വന്ന പിഞ്ചുകുഞ്ഞുങ്ങളെ പേപ്പട്ടിയെപ്പോലെ ഓടിച്ചതാണോ നീ പറഞ്ഞ മനുഷ്യത്വം? മാനവ നിനക്കിനി രക്ഷയില്ല ഒരു രക്ഷകനും നിനക്കായി വരികയുമില്ല ചെടി നനച്ചാൽ ഫലം നൽകും അല്ലെങ്കിൽ അത് ഒന്നിനും കൊള്ളാതെ വാടിപ്പോകും അതുപോലെയാണ് നിന്റെ ജീവിതവും " അയാളുടെ ദീനരോദനം അവിടെമാകെ മുഴങ്ങി. ഒരു ജീവനും കൂടെ എടുത്ത തൃപ്തിയിൽ കാലൻ മടങ്ങി. എങ്ങോ പൂത്ത നിശാഗന്ധിയുടെ ഗന്ധം അവിടെമാകെ പരന്നു തുടങ്ങിയിരുന്നു ഒരു പുതിയ തുടക്കം പോൽ!

-സന ഫാത്തിമ

# അതിരുകൾ

തന്റെ സ്വപ്നവീടിനെ കുറിച്ച് അഭിഷേക് കോൺട്രാക്ടറോട് വാചാലനായി 3000sqft ഉള്ളിൽ ഒരുമണിമാളികയുടെ സൗകര്യങ്ങൾ ചുറ്റും 5 അടി പൊക്കത്തിൽ ഒരു മതിൽ അതിന് മുകളിൽ ഈ ജയിലിലൊക്കെ കാണുന്ന പോലെരു കമ്പിവേലി. മുമ്പിൽ ഒരു വലിയ ഗേറ്റ് ചുറ്റും സി.സി.ടി.വി.കൾ. നാട്ടിൻ പുറത്തിൻ്റെ മണം അത്രയിന്നു നഷ്ടപ്പെട്ടിട്ടില്ലാത്ത കോൺട്രാക്ടർ നിഷാന്ത് പറഞ്ഞു എന്തിനാ സാറോ ഇത്രയും വലിയ അതിരൊക്കെ സാറിൻ്റെ വീട്ടിനു ചുറ്റുമെന്താവല്ല കുറുവ സംഘവും ഉണ്ടോ?..... അതാ പിന്നെ പ്രൈവസി പിന്നെ ചുറ്റുമി ഒരുമാതിരി സംസ്കാരമില്ലാത്ത ടീംസാ..... താൻപറഞ്ഞ പോലെചെയ്യ് .കോണട്രാകടറുടെ ഓഫീസിൽ നിന്നിറങ്ങി തൻ്റെ കാറിൽ ആദ്യം മകളുടെ സ്കൂളിലെക്കാണ് അഭിഷേക് പോയത്. മകളെയും കൂട്ടി തൻ്റെ പുതിയവീട്ടു പണിയുന്നിടത്തേക്ക് അഭിഷേക്   പോയി. അവിടെ എത്തി പണികളൊക്കെ വീക്ഷിച്ച് മകൾക്കരികിലേക്ക് എത്തി അഭിഷേക് പെട്ടന്ന് ഞെട്ടി തൊട്ടപ്പുറത്തെ ചെറ്റക്കുടിലിൽ താമസിക്കുന്ന കറുപ്പുസ്വാമിയുടെ മകളുമായി കളിക്കുന്ന മകളെ പിടിച്ചുമാറ്റി അപ്പോൾ എത്തിയ കറുപ്പുസ്വാമിപറഞ്ഞ സർ എന്ത് ഹെൽപ്പ് വേണമെങ്കിലും വിളിക്കണം ട്ടോ എനിക്കെങ്ങും വേണ്ട എന്ന് പറഞ്ഞ് മകളെയും പിടിച്ച് വലിച്ച് കാറിലേക്ക് നീങ്ങി അവൻ.കാറിൽ വെച്ച് അഭിഷേക് മോളോട് പറഞ്ഞു അവരോടുള്ള കൂട്ട് വേണ്ട മോളെ കള്ളക്കൂട്ടങ്ങളാ താണജാതികൾ നമ്മുടെ അപ്പനപ്പൂപ്പൻമാരുടെ സ്വത്ത് പറ്റുനോര്.ശേഷം ഒരു ആദിവാസിയെ വധച്ചതിലുള്ളപ്രതിഷേധയോഗത്തിൽ അഭിഷേക് പങ്കെടുത്തു ആദിവാസികളെ അവൻ ആശ്വസിപ്പിച്ചു. ആളുകൾ ക്യാമ്പിൽ

അവൻ ഒരു ഭയങ്കര നവോത്ഥാന നായകനും ഫേസ്ബുക്ക് ബുദ്ധിജീവിയൊക്കെയാണ്.
ഇത്തരം പരിപാടികളിൽ പങ്കെടിത്താൻ ഡെറ്റോളിലൊരു മുങ്ങിക്കുളിയാണ് പതിവ്
കുറച്ച് മാസങ്ങൾ കടന്നു പോയി പുതിയ വീട് ഉയർന്നു.അവരവിടെ താമസം തുടങ്ങി മതിലുകൾ തീർത്ത അതിരുകൾ അവരൊരു ജയിൽത്ത്രുപപ്പെടുത്തിയെടുത്തു. പുറംലോകവുമായി അവർക്കുള്ള ബന്ധം ആ മതിലിനപ്പുറത്തുള്ള ശബ്ദങ്ങൾ മാത്രമായിരുന്നു. കാലം കടന്നുപോയി മനുഷ്യൻ്റെ ഹിംസാത്മതകൾക്ക് ഒരുതിരിച്ചടിയെന്നോണം പ്രളയജലം ജനവാസമേഖലകളിലേക്ക് എത്തി പ്രളയം അവിടെയുമെത്തി.എല്ലാവരും ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി പക്ഷെ 5 അടി മതിൽ തീർത്ത അതിര് അവരെ മാത്രം പ്രളയ ജലത്തിൽ ഒറ്റപ്പെടുത്തി ബോധ്യരായി കറിപ്പുസ്വാമിയുടെ വീട്ടിലെത്തിയ കൂട്ടുകാരോട് അദ്ദേഹം ചോദിച്ചു,സാറെയും കൂട്ടുകാരെയും കണ്ടോ?ഏത് സാറ്? അപ്പുറത്തെ സാറ്,അപ്പുറത്തേതാ സാറ്?അഭിഷേക് സാറ് അങ്ങനെ ഒരാളുണ്ടോ ഈ നാട്ടിൽ?വാ നമുക്ക് അവിടെ വരെ ഒന്ന് പോയിനോക്കാം.അവർ വീടിൻ്റെ ഉമ്മറത്തെത്തി.വാതിൽ അടഞ്ഞു കിടക്കുന്നു.അവർ തിരിച്ചുപോകാൻ തുടങ്ങിയവെ ഉച്ഛത്തിൽ ഒരു നിലവിളി.അവർ തിരിഞ്ഞു നോക്കി.അഭിഷേകിൻ്റെ ഭാര്യയുടെ നിലവിളിയായിരുന്നു.അവരുടനെ തന്നെ വാതിൽ തകർത്തു ഉള്ളിൽ കയറി.അവിടെ അവർ കണ്ടത് വെള്ളത്തിൽ മുങ്ങിത്താഴുന്ന അഭിഷേകിൻ്റെ കുടുംബത്തെയായിരുന്നു.അവർ അവരെ ഉടനെ കരയ്ക്ക് കയറ്റി ബോട്ടിലേക്ക് ഇരുത്തി.അന്ന് ആ ബോട്ടിൽ ജാതിയുടെ അതിർവരകളില്ലായിരുന്നു .അവരൊരുമിച്ച് ആ പ്രളയഭീതിയിൽ ദുരിതാശ്വാസ ക്യാമ്പിലേക്ക് യാത്രതിരിച്ചു.ആയിടെ അഭിഷേക് ഒരു ഒഴുക്കിലേക്ക് വഴുതി

വീണു.അവൻ ആ ഓർമ്മയിൽ എല്ലാം പങ്കുവച്ച പഴയ അയൽപ്പക്കകാലമോർത്തു.ക്യാമ്പിലെത്തി അവരെ ഒരു റൂമിലേക്ക് മാറ്റാൻ ശ്രമിച്ചപ്പോൾ ഭാര്യ പുലമ്പി ഈ കള്ളക്കൂട്ടങ്ങളുടെ കൂടെ കിടക്കാനോ?ഭാര്യയുടെ നാവടക്കി അവൻ പറഞ്ഞു.നമ്മളെല്ലാം മനുഷ്യരാണ്.സമയം കടന്നുപോയി പ്രളയം തീർന്നു.അവർ വീണ്ടും ജീവിതം വീണ്ടെടുത്തു.കുറച്ച് കഴിഞ്ഞ് വീട്ടിലേക്ക് കറുപ്പുസ്വാമിയെത്തി.ഉമ്മറത്തു നിന്ന അവനെ കണ്ട അഭിഷേക് പറഞ്ഞു.അവിടെ നിന്നാൽ മതി അകത്തേക്ക് കയറണ്ട.
എത്ര മഹാമാരി വന്നാലും മനംമാറ്റം വരാത്ത ചില മനസ്സുകൾ ഉണ്ട്.ജാതി-മത വർഗ്ഗീയ വിഷയങ്ങൾ മനസ്സിൽ അതിരുകെട്ടിതിരിക്കുന്ന മനസ്സുകൾ ആവിശ്യത്തിന് മുൻപിൽ അവർക്ക് തിരിച്ചറിവുകൾ നഷ്ടപ്പെടുന്നു.മനുഷ്യനെ മനുഷ്യനായി കാണാൻ അവർ വിസ്മരിക്കുന്നു.അവരുടെ മനുഷ്യത്വം അവർ മതത്തിൻ്റെ ജാതിയുടെ തുലാസ്സിൽ പണയം വച്ചിരിക്കുന്നു.ചിലർ അങ്ങനെയാണ് കാലം എത്ര പഠിപ്പിച്ചാലും അവർ മാനവികതയുടെ മഹാഗാതകൾ പഠിക്കില്ല.

ഭഗത് തെക്കേടത്ത്
8-G

LITTLEKITES
(2022-2025)

# ചിത്രകലകൾ



വേദ ഉണ്ണി 5B



നജ ഫാത്തിമ 8B





പാർവണ ഉത്തം



അവിഷ്ണ ബി 8A





വേദ

# ചിത്രകലകൾ








ഋഷിനീത്




ഋഷിനീത്







# സംസ്ഥാന കലോത്സവം



## സാരംഗ് രാജീവ്

HSലളിതഗാനം
Aഗ്രേഡ്

HSഅഷ്ടപതി
Aഗ്രേഡ്

## അലൻ ഗോവിന്ദ്

HS മലയാള നാടകം
മികച്ച നടൻ



LITTLEKITES
(2022-2025)



# ഷിറ്റ്

## HS മലയാള നാടകം

## A ഗ്രേഡ്




## യുക്ത നമ്പ്യാർ

HSഓട്ടൻതുള്ളൽ (പെൺ)
A ഗ്രേഡ്
HS മിമിക്രി
A ഗ്രേഡ്

## അനസൂയ

HS ഭരതനാട്യം
A ഗ്രേഡ്





HS ദേശഭക്തിഗാനം

ഒന്നാം സ്ഥാനം

A ഗ്രേഡ്



HS ഒപ്പന

A ഗ്രേഡ്




Hs പൂരക്കളി
A ഗ്രേഡ്




Hss പൂരക്കളി
A ഗ്രേഡ്





## ദക്ഷിണേന്ത്യൻ ഗണിത ശാസ്ത്ര പ്രതിഭ

## നജ ഫാത്തിമ പി



അരോമൽ 80

A Magazine by LK unit from Memunda Hss